# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 790 30.01.2019-ൽ മറുപടിയ്ക്ക്

## ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ജാതിയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും രണ്ട് അയൽസാക്ഷി മൊഴിയും നൽകിയാൽ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുമോ; വിശദാംശം നൽകാമോ; | (എ) | 1996-ലെ കേരള (പട്ടികജാതി/പട്ടികവർഗ്ഗ) സമുദായ സാക്ഷ്യപത്രം അനുവദിക്കൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് പട്ടികവിഭാഗക്കാർക്ക് സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. താലൂക്ക് തഹസീൽദാരാണ് സാക്ഷ്യപത്രം നൽകുവാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ. അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം നൽകുമ്പോൾ അദ്ദേഹത്തിന് അപേക്ഷകന്റെ ജാതി സംബന്ധിച്ച വ്യക്തമായ തെളിവുകൾ അന്വേഷണത്തിലൂടെ ശേഖരിക്കാവുന്നതാണ്. സംശയമുള്ള അവസരങ്ങളിൽ കിർത്താഡ്സിന്റെ ഉപദേശം തേടാവുന്നതുമാണ്. ജാതി നിർണ്ണയം സംബന്ധിച്ച തർക്കങ്ങളുണ്ടെങ്കിൽ സ്ക്രൂട്ടിനി കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ച് പരിഹാരം തേടാവുന്നതാണ്. എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയ ജാതിയുടെ മാത്രം അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതല്ല. |
| (ബി) | മാതാപിതാക്കളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ മക്കൾക്ക് അവരുടെ ആരുടെ ജാതി വേണമെങ്കിലും സ്വീകരിക്കാമെന്ന സർക്കാർ ഉത്തരവ് നമ്പർ 109/2008/എസ്.സി/എസ്.ടി തീയതി 20.11.2008 പ്രകാരം വില്ലേജ് ഓഫീസറുടെ റിപ്പോർട്ടും അയൽ സാക്ഷിമൊഴിയും നൽകിയാൽ പട്ടികജാതി സർട്ടിഫിക്കറ്റ് ലഭിക്കുമോ; | (ബി) | 20.11.2008-ാം തീയതിയിലെ ജി.ഒ. (എം.എസ്) 109/08/പജ.പവ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മിശ്രവിവാഹിതരുടെ മക്കളുടെ ജാതി നിർണ്ണയിക്കുമ്പോൾ ഓരോ കേസ്സും പ്രത്യേകമായി പരിഗണിയ്ക്കേണ്ടതുണ്ട്. ഇവർ അനുഭവിക്കുന്ന സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, ജീവിത സാഹചര്യം, ഇവർ അവകാശപ്പെടുന്ന സമുദായം ടിയാളെ സമുദായാംഗമായി അംഗീകരിക്കുന്നുണ്ടോ എന്നിവ കൂടി കണക്കിലെടുത്താണ് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | മാതാപിതാക്കളുടെ കൺവെർട്ട് ഗസറ്റ് വിജ്ഞാപനം, മക്കളുടെ എസ്.എസ്.എൽ.സി. ബുക്ക്, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്, അയൽ സാക്ഷിമൊഴി, ചേരമർ സംഘത്തിന്റെ കത്ത്, മുൻപ് വാങ്ങിയ റവന്യൂ അധികാരിയുടെ ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടും ഹിന്ദു ചേരമർ സർട്ടിഫിക്കറ്റ് നൽകുന്നതിനു തടസ്സം ഉണ്ടോ; വിശദാംശം നൽകുമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിന്റെ സാമൂഹിക അവശത അനുഭവിക്കുന്നുണ്ടെങ്കിൽ മാത്രമേ അവർക്കു പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റിന് അർഹത ഉണ്ടാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ